## തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം: ആവഡ- ഡ്രൈവർമാരുടെ 01/09/2011 മുതൽ 31/12/2014 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ ശ്രീ.കെ.പി.ശങ്കരൻകുട്ടി, ശ്രീ.അബ്ദുൽ മാലിക് എന്നിവരുടെ സീനിയോരിറ്റി നമ്പർ പുനക്രമീകരിക്കുന്നത് സംബന്ധിച്ച്.

സൂചന:
1. മലപ്പുറം ഡി.എം.ഒ യുടെ 15/10/15 ലെ എ8/4143/15 എന്ന നമ്പർ കത്ത്.
2. ശ്രീ. കെ.പി.ശങ്കരൻകുട്ടിയുടെ 24/11/15 ലെ അപേക്ഷ.
3. ഈ ആഫീസിലെ 18/09/2015 ലെ ഇതേ നമ്പർ ഉത്തരവ്.
4. എറണാകുളം പി.എസ്.സി യുടെ 12/07/12 ലെ ഇ 2(2)1373/07 എന്ന നമ്പരിലുള്ള ശുപാർശ.
5. മലപ്പുറം പി.എസ്.സി യുടെ 18/12/12 ലെ എം.ആർ 2(2)340/07 എന്ന നമ്പരിലുള്ള ശുപാർശ.
6. ഈ ആഫീസിലെ 05/02/2016 ലെ ഇതേ നമ്പർ നോട്ടീസ്.

## ഉത്തരവ് നമ്പർ – ഇ.എസ് 2/7000/2015/ആവഡ, തീയതി.09/03/2016

ഡ്രൈവർമാരുടെ 01/09/2011 മുതൽ 31/12/2014 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിലെ റാങ്ക് നമ്പർ പുനർനിർണ്ണയിച്ചു കൊടുക്കണമെന്നാവശ്യപ്പെട്ട് എറണാകുളം, മലപ്പുറം ഡി.എം.ഒ യിലെ ഡ്രൈവർമാരായ ശ്രീ.കെ.പി.ശങ്കരൻകുട്ടിയും ശ്രീ.അബ്ദുൽ മാലികും സമർപ്പിച്ച അപേക്ഷകൾ സൂചന 1,2 പ്രകാരം അയച്ചുതന്നിരുന്നു.

സൂചന 3 പ്രകാരമുള്ള ഡ്രൈവർമാരുടെ സീനിയോരിറ്റി പട്ടികയിൽ ശ്രീ.കെ.പി.ശങ്കരൻകുട്ടിയുടെ റാങ്ക് നമ്പർ 54 ഉം ശ്രീ.അബ്ദുൽ മാലിക്കിന്റേത് 69 ഉം ആണ്. എന്നാൽ പി.എസ്.സി യുടെ ശുപാർശ കത്തിൽ തങ്ങളേക്കാൾ ജൂനിയറായവർ സീനിയോരിറ്റി പട്ടികയിൽ തങ്ങളേക്കാൾ മുന്നിൽ ഉൾപ്പെട്ടിരിക്കുന്നു എന്നും അതിനാൽ അവ പുനക്രമീകരിച്ചുകൊടുക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. അപേക്ഷകർ സമർപ്പിച്ച രേഖകൾ പരിശോധിച്ചപ്പോൾ അവ വസ്തുതയാണെന്ന് ബോധ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ സൂചന 3 പ്രകാരമുള്ള ഡ്രൈവർമാരുടെ 01/09/2011 മുതൽ 31/12/2014 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിലെ 50 മുതൽ 54 വരേയും 64 മുതൽ 70 വരേയും ഉള്ളവരുടെ റാങ്ക് നമ്പർ പുനക്രമീകരിക്കുന്നതിന് താൽകാലികമായി തീരുമാനിച്ച് സൂചന 6 പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത തീരുമാനത്തിനെതിരെ ആരുംതന്നെ പരാതികളൊന്നും സമർപ്പിച്ചിരുന്നില്ല.

ഈ സാഹചര്യത്തിൽ ഡ്രൈവർമാരുടെ 01/09/2011 മുതൽ 31/12/2014 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിലെ 50 മുതൽ 54 വരേയും 64 മുതൽ 70

വരേയും ഉള്ളവരുടെ റാങ്ക് നമ്പർ പി.എസ്.സി യുടെ ശുപാർശ പട്ടികയുടെ അടിസ്ഥാനത്തിൽ താൽകാലികമായി പുനക്രമീകരിച്ചിരുന്നത് താഴെ പറയും പ്രകാരം സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

| നമ്പർ | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | സീനിയോറിറ്റിക്ക് കണക്കാക്കിയ തീയതി | നിലവിലെ റാങ്ക് നമ്പർ | പുതുക്കിയ റാങ്ക് നമ്പർ | പി.എസ്.സി യുടെ ശുപാർശ |
|---|---|---|---|---|---|---|---|
| 1 | Sankarankutty. K.P | 31/05/1970 | 16/08/2012 | 12/07/2012 | 54 | 50 | No.EII(2)1373/ 2007/KPSC EKM Dt.12/07/12 |
| 2 | Robin John | 25/09/1977 | 08/08/2012 | 12/07/2012 | 51 | 51 | ,, |
| 3 | Jijo.T.K | 26/05/1973 | 08/08/2012 | 12/07/2012 | 52 | 52 | ,, |
| 4 | Sabu.P.T | 17/05/1969 | 07/08/2012 | 12/07/2012 | 50 | 53 | ,, |
| 5 | Shaji.K | 25/04/1974 | 16/08/2012 | 12/07/2012 | 53 | 54 | ,, |
| 6 | Najeeb.M | 01/05/1977 | 14/01/2013 | 18/12/2012 | 65 | 64 | MRII(2)340/07/KPSC MLPM Dt.18/12/12 |
| 7 | Aneesh Kumar.N | 10/05/1981 | 23/01/2013 | 18/12/2012 | 70 | 65 | ,, |
| 8 | Sivadasan Kallan | 10/03/1977 | 11/01/2013 | 18/12/2012 | 64 | 66 | ,, |
| 9 | Rajesh.K | 31/05/1974 | 15/01/2013 | 18/12/2012 | 67 | 67 | ,, |
| 10 | Pradeep.P | 19/03/1978 | 14/01/2013 | 18/12/2012 | 66 | 68 | ,, |
| 11 | Abdul Malik.N.T | 21/05/1971 | 18/01/2013 | 18/12/2012 | 69 | 69 | ,, |
| 12 | Sajith Kodenali | 08/12/1976 | 15/01/2013 | 18/12/2012 | 68 | 70 | ,, |

സൂചന 3 പ്രകാരമുള്ള സീനിയോരിറ്റി പട്ടിക ഇതോടൊപ്പം പരിഷ്കരിച്ചിരിക്കുന്നു.

ഒപ്പ്
പി.വി.മനോജ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താക്കൽ
1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർക്ക്
2. ബന്ധപ്പെട്ട ആശുപത്രിലെ സൂപ്രണ്ടുമാർക്ക്.
3. ബന്ധപ്പെട്ട ജീവനക്കാർക്ക്.
4. എച്ച്.ടി സെക്ഷൻ
5. ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

Lema Devi

സൂപ്രണ്ട്